<u>പത്രക്കുറിപ്പ്</u>

കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രി ഇ. എം. എസ്. നമ്പൂതിരിപ്പാടിനെക്കുറിച്ച് 'ഇ. എം. എസ്. സ്മൃതി' എന്ന പേരിൽ നിയമസഭാ മ്യൂസിയത്തിൽ പ്രത്യേക വിഭാഗം സജ്ജീകരിക്കുന്നതിനുവേണ്ടി, അദ്ദേഹം ഉപയോഗിച്ചിരുന്ന അമൂല്യങ്ങളായ വസ്തുക്കൾ, അദ്ദേഹത്തെ സംബന്ധിച്ച വിലപ്പെട്ട രേഖകൾ, ചിത്രങ്ങൾ തുടങ്ങിയവ ശേഖരിച്ചു വരികയാണ്. ആയതിനാൽ ഇ.എം.എസ്സു-മായി ബന്ധപ്പെട്ട അമൂല്യങ്ങളായ വസ്തുക്കളും രേഖകളും ചിത്രങ്ങളും കൈവശമുള്ളവർ ആയത് കേരള നിയമസഭാ മ്യൂസിയത്തിലെ ഇ. എം. എസ്. സ്മൃതി വിഭാഗത്തിന് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രസ്തുത സംഭാവനകൾ നൽകുവാൻ താത്പര്യപ്പെടുന്നവർ ആയത് സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം – 695 033 എന്ന വിലാസത്തിൽ അയച്ചു തരികയോ താഴെപ്പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി – 0471 2512042/9961999622

അണ്ടർ സെക്രട്ടറി നിയമസഭാ മ്യൂസിയം – 0471 2512429/9446062119

നേരിട്ട് രേഖകൾ ശേഖരിക്കുവാനും പകർപ്പുകൾ എടുക്കുവാനും സന്നദ്ധമാണെന്നും അറിയിക്കുന്നു.

വി. കെ. ബാബു പ്രകാശ്
സെക്രട്ടറി
കേരള നിയമസഭ

തിരുവനന്തപുരം
തീയതി 7..02.2017.

FC3/KS/08.02.2017.